**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** 13-09-2023 - ൽ മറുപടിയ്ക്ക്

**കണ്ണൂർ ജില്ലാ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലാ ആശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാകുമെന്നും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലാ ആശുപത്രിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2023 ഡിസംബർ 25 വരെ കരാർ കാലാവധി കരാറുകാരന് ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. നിലവിൽ 75 % പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്ററിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. എസ്.റ്റി.പി, ഫയർ & സേഫ്റ്റി പ്രവൃത്തികൾ ആരംഭിച്ചു. വൈദ്യുതി കണക്ഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | നിർമ്മാണ പ്രവർത്തനം പൂർത്തിയായശേഷം കാർഡിയോളജി, നെഫ്രോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലാ ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ